10728
16/10/14

# കേരള സർക്കാർ

## ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്

## സർക്കുലർ

നമ്പർ 5848/ഔ.ഭാ.3/14/ഉഭപവ. *തിരുവനന്തപുരം, 2014 സെപ്റ്റംബർ 18.*

*വിഷയം:*—ഔദ്യോഗികഭാഷാ വകുപ്പ്—സർക്കാർ കത്തുകളിൽ 'From', 'To' എന്നീ ഇംഗ്ലീഷ് വാക്കുകൾക്ക് പകരം ഉപയോഗിക്കേണ്ട മലയാളം വാക്കുകൾ—സംബന്ധിച്ച്.

ഭരണത്തിന്റെ എല്ലാ തലങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയായിരിക്കണമെന്ന ലക്ഷ്യത്തോടെ സർക്കാർ വിവിധ പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരികയാണ്. അതിന്റെ ഭാഗമായി മലയാളത്തിൽ കത്തിടപാടുകൾ നടത്താൻ പല വകുപ്പുകളും സ്ഥാപനങ്ങളും ശ്രദ്ധിക്കാറുണ്ടെങ്കിലും ചില ഇംഗ്ലീഷ് പദങ്ങൾക്ക് തെറ്റായ മലയാള രൂപമാണ് നൽകാറുള്ളത്. സർക്കാർ കത്തുകളിലെ 'From' എന്നതിനുപകരം പ്രേക്ഷകൻ, പ്രേക്ഷിതൻ, പ്രേഷിതൻ, പ്രേഷകൻ എന്നിങ്ങനെ വിവിധ രൂപങ്ങൾ മലയാളം കത്തുകളിൽ രേഖപ്പെടുത്തുന്നതായി ഔദ്യോഗിക ഭാഷാ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവയിൽ 'പ്രേഷകൻ' എന്നപദം മാത്രമേ 'From' എന്ന ഇംഗ്ലീഷ് പദത്തിന് സമാനമാകുകയുള്ളൂ. 'To' എന്നതിന് 'സ്വീകർത്താവ്' എന്നും 'ഗ്രാഹകൻ' എന്നും ഉപയോഗിക്കാറുണ്ട്.

ഔദ്യോഗിക കത്തുകൾ തയ്യാറാക്കുമ്പോൾ മേൽപ്പറഞ്ഞ തെറ്റ് സംഭവിക്കാതിരിക്കാൻ സർക്കാരിന്റെ ഭരണ വകുപ്പുകളും മറ്റു വകുപ്പുകളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കെ. സുരേഷ്കുമാർ,
*സെക്രട്ടറി.*

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറിമാർക്കും.

എല്ലാ വകുപ്പുതലവൻമാർക്കും,

എല്ലാ ജില്ലാ കളക്ടർമാർക്കും,

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള വകുപ്പുകളിലെ എല്ലാ സെക്ഷനുകൾക്കും.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

GCPT. 3/3834/2014/S-7